**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 1759 04.10.2016-ൽ മറുപടിക്ക്

**കോർ ബാങ്കിംഗ് സംവിധാനം**

| **ചോദ്യം** | | **മറുപടി** |
|---|---|---|
| **ശ്രീ.ജോൺ ഫെർണാണ്ടസ്**<br>**,, പി.വി. അൻവർ**<br>**,, കെ. ബാബു**<br>**,, എ. എൻ. ഷംസീർ :** | | **ശ്രീ. എ.സി. മൊയ്തീൻ**<br>**(സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)** |
| (എ) എല്ലാ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിലും സഹകരണ ബാങ്കുകളിലും കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;<br>(ബി) എങ്കിൽ എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാൻ സാധിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) | ഉണ്ട്. കോർ ബാങ്കിംഗ് സംവിധാനം നടപ്പാക്കുന്നതിലൂടെ പ്രധാനമായും നെറ്റ് ബാങ്കിംഗ്, എ.റ്റി.എം., RTGS, NEFT മുതലായ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ അംഗങ്ങൾക്കും പൊതുജനങ്ങൾക്കും ലഭ്യമാക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |
| (സി) നിലവിൽ ലാഭകരമായതും നഷ്ടത്തിലായതും നിർജ്ജീവമായതുമായ ഇത്തരം സ്ഥാപനങ്ങൾ ഉള്ളതിനാൽ ഇവയെ കോർ ബാങ്കിംഗ് സംവിധാനം വഴി ഒരുമിപ്പിക്കുമ്പോൾ എന്തെങ്കിലും പ്രത്യാഘാതങ്ങൾ ഉണ്ടാകാനിടയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (സി) | പ്രാഥമിക സഹകരണ സംഘങ്ങളുടെ ഹെഡ്ഡാഫീസും ശാഖകളുമായി ബന്ധിപ്പിച്ചു കൊണ്ടുള്ള കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനായി ഇപ്പോൾ ഉദ്ദേശിച്ചിട്ടുള്ളത്. നിർജ്ജീവമായ സംഘങ്ങളിൽ കോർ ബാങ്കിംഗ് ഏർപ്പെടുത്തുന്നതിന് നിലവിൽ ഉദ്ദേശിച്ചിട്ടില്ല. പ്രാഥമിക കാർഷിക സഹകരണ ബാങ്കുകളിൽ കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പ്രത്യാഘാതങ്ങൾ ഉണ്ടാകാനിടയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ